പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5812

02.07.2014 ലെ മറുപടിയ്ക്ക്

**ഓഫ് സീസൺ സമയത്ത് സഞ്ചാരികളുടെ സന്ദർശനം കുറയുന്നത് പരിഹരിക്കാൻ ടൂറിസം പദ്ധതി**

| ചോദ്യം<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എ.റ്റി.ജോർജ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഓഫ് സീസൺ സമയത്ത് സഞ്ചാരികളുടെ സന്ദർശനം കുറയുന്നത് പരിഹരിക്കാൻ ടൂറിസം വകുപ്പ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. ഓഫ് സീസൺ സമയത്ത് സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഡ്രീം സീസൺ കാമ്പയിൻ'. ഇതിന്റെ ഭാഗമായി 'ഡ്രീം ഡീൽ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയനുസരിച്ച് വിനോദ സഞ്ചാരികൾക്ക് അംഗീകൃത ടൂർ ഓപ്പറേറ്റർമാരുമായി ബന്ധപ്പെട്ട് സ്വന്തമായി ആസൂത്രണം ചെയ്ത് കേരളത്തിലേയ്ക്ക് വിനോദ യാത്ര നടത്താവുന്നതാണ്. കൂടാതെ കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ് പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി അൽ ജസീറ ചാനൽ വഴിയുള്ള പരസ്യ പ്രചാരണം, മധ്യേഷ്യൻ രാജ്യങ്ങളിലെ എയർപോർട്ടുകളിൽ ഡിസ് പ്ലേ, തുടങ്ങിയ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| സി) | കേരള ടൂറിസത്തിന് എന്നും സീസണായി മാറ്റുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) യും (ഡി) യും | അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്കാകർഷിക്കുന്നതിനായി ഈ വർഷം 8 അന്താരാഷ്ട്ര ടൂറിസം വ്യാപാരമേളകളും 13 അന്താരാഷ്ട്ര റോഡ് ഷോകളും ടൂറിസം വകുപ്പ് നടത്തുന്നു. ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ഈ വർഷം 31 ദേശീയ വ്യാപാര മേളകളിൽ പങ്കെടുക്കുന്നു. കൂടാതെ ദേശീയ തലത്തിൽ 20 റോഡ് ഷോകളും സംഘടിപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ് പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി അൽ ജസീറ ചാനൽ വഴിയുള്ള പരസ്യ പ്രചാരണം, മധ്യേഷ്യൻ രാജ്യങ്ങളിലെ എയർപോർട്ടുകളിൽ ഡിസ് പ്ലേ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളായ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രസിദ്ധിയും മേന്മയും ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, |
| ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നിശാഗന്ധി നൃത്തോത്സവം യു-ട്യൂബിലൂടെ ലോകമെമ്പാടും തത്സമയ സംപ്രേക്ഷണം നടത്തുന്നു. കൂടാതെ ബ്ലോഗേഴ്സ് ക്യാമ്പ്, ഓൺ ലൈൻ പെയിന്റിംഗ് കോംപറ്റീഷൻ, കേരളത്തിന്റെ തനതായ ഉത്സവങ്ങളും കലകളും മറ്റും ഉൾക്കൊള്ളുന്ന പുതിയ വീഡിയോ, സി.ഡി. നിർമ്മാണം, ഏരിയൽ ഷോട്ട് മുഖേന കേരള ഗ്രേറ്റ് ബാക്ക് വാട്ടേഴ്സ് എന്ന പേരിൽ പുതിയ വീഡിയോ ചിത്രം, കൂടാതെ സ്പൈസ് റൂട്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്പൈസ് റൂട്ട് ബ്രോഷർ പ്രിന്റ് ചെയ്തു കഴിഞ്ഞു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ഒരു നൂതന ടൂറിസം ഉത്പന്നം എന്ന ഉദ്ദേശത്തോടു കൂടി അവതരിപ്പിച്ചിട്ടുള്ള പദ്ധതിയാണ് കേരള സീപ്ലെയിൻ സർവ്വീസ്.<br>മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ എന്നിവ, വിവിധ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ വഴി പരസ്യ പ്രചരണം നടത്തിവരുന്നു. കൂടാതെ കേരളത്തിനു പുറത്തും വിദേശ രാജ്യങ്ങളിലും വിവിധ ദൃശ്യ-ശ്രാവ്യ -അച്ചടി മാദ്ധ്യമങ്ങൾ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങളും നടപ്പിലാക്കി വരുന്നു.<br>2013ൽ ജപ്പാനിലെ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് (ജെ.എ.റ്റി.എ) ഫെയറിൽ കേരള ടൂറിസം പങ്കെടുക്കുകയുണ്ടായി. കൂടാതെ 2014 ജനുവരിയിൽ ഫിൻലാൻഡിലെ MATKA ട്രാവൽ ഫെയറിൽ പങ്കെടുക്കുകയുണ്ടായി. 2014 ൽ ജപ്പാനിലെ ജെ.എ.ടി.എ. ടൂറിസം മേളയിൽ കേരള ടൂറിസം പങ്കെടുക്കുന്നുണ്ട്. കൂടാതെ വിസ ഓൺ അറൈവൽ സംവിധാനത്തിൽ വരുന്ന രാജ്യമായ ഫിൻലാൻഡിലെ ഹെൽസിങ്കിയിൽ ഒരു റോഡ്ഷോയും ഈ വർഷം നടത്തുന്നതോടൊപ്പം പുതുതായി ഹംഗറി, മലേഷ്യ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിലും ഈ വർഷം നടക്കുന്ന മേളകളിൽ പങ്കെടുക്കുന്നുണ്ട്.<br>കേരളത്തിനു വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്ഗ് , ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി, വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'വിസ ഓൺ അറൈവൽ' എന്ന സംവിധാനം നടപ്പിലാക്കി വരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മൽസര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ |

| | | | |
|---|---|---|---|
| | | | വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ്, ഇൻസ്റ്റാഗ്രാം, പിന്റ്റെസ്റ്റ്, തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ